# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:4593

13.11.2019-ലെ മറുപടി

## വാട്ടർ അതോറിറ്റിയിലെ ഓപ്പറേറ്റിംഗ് ജീവനക്കാരുടെ ഓവർടൈം വേജസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.ആർ. സുനിൽ കുമാർ | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| അവധി ദിവസങ്ങളിലും ജോലി ചെയ്യേണ്ടിവരുന്ന കേരള വാട്ടർ അതോറിറ്റിയിലെ ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് നൽകി വന്നിരുന്ന ഓവർടൈം വേജസ് നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | കേരള വാട്ടർ അതോറിറ്റിയിലെ അധിക ജോലി ചെയ്യേണ്ടി വരുന്ന ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് നൽകി വന്നിരുന്ന അധിക വേതനത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 03.11.2017 ലെ കെ.ഡബ്ല്യു.എ/ജെ.ബി/ഇ 1-9625/2013 എന്ന ഉത്തരവ് പ്രകാരം ജലശുദ്ധീകരണശാലകളിൽ അധികജോലി ചെയ്യുന്ന ജീവനക്കാർക്ക് പ്രതിമാസം പരമാവധി എടുക്കാവുന്നത് 4 ഡ്യൂട്ടിയാണ് എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. ആയത് പഴയതുപോലെ പുനഃസ്ഥാപിക്കണമെന്ന അതോറിറ്റിയിലെ ചില അംഗീകൃത സംഘടനകളുടെ അഭിപ്രായങ്ങൾ കേരള വാട്ടർ അതോറിറ്റി മാനേജ്മെന്റ് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ